പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 16 | 10.12.2012-ൽ മറുപടിക്ക്

# ഗവൺമെന്റ് സെക്രട്ടേറിയറ്റിന്റെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മാത്യു.ടി.തോമസ്<br>ശ്രീ. ജോസ് തെറ്റയിൽ<br>ശ്രീമതി. ജമീലാ പ്രകാശം | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) ഗവൺമെന്റ് സെക്രട്ടേറിയറ്റിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ എന്തെങ്കിലും പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കാമോ ; | (ബി) ഗവൺമെന്റ് സെക്രട്ടേറിയറ്റിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി അറ്റന്റൻസ് മാനേജ്മെന്റ് സിസ്റ്റം (പഞ്ചിംഗ് സിസ്റ്റം) ഏർപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത സംവിധാനം 01.04.2010 മുതൽ കാര്യക്ഷമമായി പ്രവർത്തിച്ച വരുന്നുണ്ട്. ജീവനക്കാർക്ക് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് , ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സെക്രട്ടേറിയറ്റ് ട്രെയിനിംഗ് ആന്റ് മാനേജ്മെന്റ്, ന്യൂഡൽഹി എന്നീ സ്ഥാപനങ്ങൾ മുഖേന പരിശീലനങ്ങൾ നൽകി വരുന്നുണ്ട്. സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകളിലും ഫയൽ ട്രാക്കിംഗ് സംവിധാനമായ IDEAS ഫലപ്രദമായി നടപ്പിലാക്കി വരുന്നു. കൂടാതെ പൊതുജനങ്ങൾക്കായി അന്വേഷണ കൗണ്ടറുകൾ രൂപീകരിച്ചിട്ടുണ്ട്. |

| | |
|---|---|
| (സി) നടപടികളിലെ സങ്കീർണ്ണതകൾ കാരണം ഫയലുകൾ തീർപ്പാക്കുന്നതിലെ കാലതാമസം ഒഴിവാക്കാൻ നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (സി) ഇപ്പോൾ ആലോചനയിലില്ല. |
| (ഡി) കെട്ടിക്കിടക്കുന്ന ഫയലുകൾ തീരുമാനമെടുക്കാൻ നിരീക്ഷണ സംവിധാനം നിലവിലുണ്ടോ ; | (ഡി) & (ഇ) കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കുന്നതുമായി ബന്ധപ്പെട്ട് എല്ലാ വകുപ്പുസെക്രട്ടറിമാരും പ്രതിമാസ സ്റ്റാഫ് മീറ്റിംഗുകൾ വിളിച്ചുകൂട്ടി ഫയൽ തീർപ്പാക്കലിന്റെ പുരോഗതി വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകി വരുന്നുണ്ട്. കൂടാതെ എല്ലാ വകുപ്പുകളുടെയും പ്രതിമാസ പ്രവർത്തന റിപ്പോർട്ടുകൾ അവലോകനം ചെയ്ത് സമാഹൃത റിപ്പോർട്ടുകൾ തയ്യാറാക്കുകയും, പഴക്കം ചെന്ന ഫയലുകൾ അടിയന്തരമായി തീർപ്പാക്കാൻ പ്രസ്തുത റിപ്പോർട്ടുകളിലൂടെ എല്ലാ വകുപ്പുമേധാവികൾക്കും നിർദ്ദേശം നൽകുകയും ചെയ്തു വരുന്നുണ്ട്. |
| (ഇ) ഇല്ലെങ്കിൽ പ്രസ്തുത സംവിധാനം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ? | |

സെക്ഷൻ ഓഫീസർ